മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഇല്ല, പക്ഷെ ഈ കാര്യത്തെപ്പറ്റി ആലോചിക്കുന്നുണ്ട്.

(ബി) & (സി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ സി. വി. ഇയ്യു : വിദേശമദ്യനിരോധനം എന്നുവെച്ചാൽ ബ്രാണ്ടി, വിസ്കി, അതായതു വൈൻ, ബീർ എന്നിതുകൾ ഒഴികെയുള്ള വിദേശമദ്യങ്ങളുടെ വില്പന തലപ്പള്ളി, തൃശ്ശിവപേരൂർ മുതലായ സ്ഥലങ്ങളിൽ നിയ്ക്കുന്നതിനു് ഇപ്പോൾ ഗവണ്മെണ്ടിനു വല്ല വിഷമവുമുണ്ടോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഈ കൊല്ലത്തിന്റെ മദ്ധ്യത്തിൽവെച്ചു് ഈവക കാര്യങ്ങൾ ആലോചനക്കു് എടുക്കുന്നതായാൽ പലേ ബുദ്ധിമുട്ടുകളുമുണ്ടു്.

മിസ്റ്റർ സി. വി. ഇയ്യു : അതിന്റെ ലൈസൻസു ഫീസു് നഷ്ടപ്പെടുകയല്ലേ ഉള്ളു ? ഇക്കാര്യത്തിൽ ചെറുതുരുത്തി മുതലായ മദ്രാസു് പ്രോവിൻസിനോടു തൊട്ടുകിടക്കുന്ന പ്രദേശങ്ങളിലെങ്കിലും മദ്യനിരോധനം നടപ്പാക്കി, മദ്രാസു് ഗവണ്മെണ്ടുമായി സഹകരിച്ചു പ്രവർത്തിച്ചു് ആ പ്രദേശങ്ങളിലെ ആളുകൾക്കു് ഒരു കിടക്കപ്പൊറുതിയുണ്ടാക്കാമോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : കൊല്ലത്തിന്റെ മദ്ധ്യത്തിൽവെച്ചു് ഇക്കാര്യത്തിൽ ഇടപെടുകയാണെങ്കിൽ പ്രായോഗികമായ വിഷമങ്ങൾ ഉണ്ടായേക്കാമെന്നാണു് വിചാരിക്കുന്നതു്.

Mr. K. Ayyappan *(Minister for Works and Reveenue):* Question numbers 11 and 12 may be put together.

Mr. President: Yes.

SIVASWAMI COMMITTEE REPORT—PUBLICATION OF

11. (104) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സഭയിൽ മറുപടി പറയുമോ.—

(എ) ശിവസ്വാമി കമ്മിറ്റി റിപ്പോർട്ടു് എപ്പോൾ പ്രസിദ്ധംചെയ്യും ;

(ബി) ആ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിൽ വരുത്തുവാൻ ഗവണ്മെണ്ടു നടപടികൾ നടത്തുന്നുണ്ടോ ?

മിസ്റ്റർ കെ. അയ്യപ്പൻ :

(എ) & (ബി) പ—ന്—ഫ ൦—ഫ ന്ര വ്യ-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രസ്സ് നോട്ടു നോക്കുക *(See Appendix).*

12. (16) **Mr. C. V. Iyyu** *(Kunnamkulam):* Will Government be pleased to state.—

(*a*) whether they have received report of Sivaswami Committee on agrarian reform appointed by the Government ;

(*b*) if so, whether they will be pleased to publish this report in the form of a pamphlet as well as in the Gazette ;

(*c*) whether any orders have been passed on that report ?

Mr. K. Ayyappan *(Minister for Works and Revenue):*

(*a*), (*b*) & (*c*) The attention of the member is invited to the Press Note released on 29th October 1948.

Mr. C. V. Iyyu *(Kunnamkulam):* Will the Hon'ble Minister be pleased to say whether the Government will be able to publish the report during this session of the Assembly ?

Mr. K. Ayyappan *(Minister for Works and Revenue):* It may not be possible.

മിസ്റ്റർ സി. വി. ഇയ്യു : ശിവസ്വാമി കമ്മിറ്റിറിപ്പോർട്ടു് വരുന്നതിനു മുമ്പായിത്തന്നെ കൃഷിക്കാർക്കു താല്ക്കാലികമായി ഒരു റിലീഫു് ഉണ്ടാക്കാൻ ഗവണ്മെണ്ടു വിചാരിക്കുന്നുണ്ടോ ?

മിസ്റ്റർ കെ. അയ്യപ്പൻ : താല്ക്കാലികമായി ഒരു റിലീഫു് കൊടുക്കേണ്ടുന്ന കാര്യങ്ങളെക്കുറിച്ചു ഗവണ്മെണ്ടു് ആലോചിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ : ഏതെല്ലാം കാര്യങ്ങളാണു് ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നതു് ?

മിസ്റ്റർ കെ. അയ്യപ്പൻ : തേങ്ങാപാട്ടം സംബന്ധിച്ച കാര്യമാണു്. അതിനെക്കുറിച്ചു് ഒരു തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. യു. നാരായണൻ: അതിന്ന തീരുമാനമെടുക്കാൻ എത്ര താമസം വേണം?

മിസ്റ്റർ കെ. അയ്യപ്പൻ: അതു കുറച്ചു സമയമെടുക്കും.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ഇതിൽ പ്രധാനമായിട്ടുള്ള കാര്യം എന്താണ്?

മിസ്റ്റർ കെ. അയ്യപ്പൻ: പ്രധാനമായിട്ടുള്ളതു തേങ്ങാപാട്ടത്തിന്റെ കാര്യമാണ്.

TRENCHING GROUND—CHANGE OF LOCATION

13. (245) മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി തരുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ.—

(എ) കല്ലൂർ മലം ഡെപ്പോ സ്ഥലം മാറ്റിക്കിട്ടണമെന്ന പൊതുജനങ്ങളിൽനിന്നും തുടരെത്തുടരെ ആക്ഷേപങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവൺമെണ്ടിന്റെ തീരുമാനം എന്താണ്;

(സി) ഇതു് എറണാകുളം പട്ടണത്തിന്റെ അതിർത്തിയിൽനിന്നും എത്ര ഫർലോങ്ങ് അകലെയാണ് സ്ഥിതിചെയ്യുന്നതു്;

(ഡി) ഈ മലം ഡെപ്പോ എറണാകുളത്തേക്കുള്ള എറ്റവും പ്രധാനറോഡിന്റെ തൊട്ടരികിലല്ലേ സ്ഥിതിചെയ്യുന്നതു്;

(ഇ) ഇതിന്റെ നാലുഭാഗവും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലമല്ലേ;

(എഫ്) മലം വേറെ വിധത്തിൽ നീക്കംചെയ്യുന്നതിനെപ്പറ്റി ഗവൺമെണ്ടു് അന്വേഷണം നടത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരം അറിയിക്കാമോ?

മിസ്റ്റർ സി. എ. ഔസേപ്പു്:

(എ) ഉണ്ടു്.

(ബി) കല്ലുരുനിന്ന മാറ്റണമെന്നാണു് തിരുമാനിച്ചിരിക്കുന്നതു്.

(സി) ഏകദേശം രണ്ടു ഫർലോങ്ങു്.

(ഡി) അതെ.

(ഇ) അതെ.

(എഫ്) മലം ചുറ്റുപാടും നിവസിക്കുന്നവർക്കു ഉപദ്രവമില്ലാത്ത തരത്തിൽ വളമാക്കിത്തീർക്കുന്നതിനെപ്പറ്റി ഗവൺമെണ്ടു് അന്വേഷിച്ചുവരികയാണു്. മറ്റുപ്രദേശങ്ങളിലെ നഗരങ്ങളിൽ എന്തു പദ്ധതിയാണു് അംഗീകരിച്ചിരിക്കുന്നതു് എന്നു് അന്വേഷിച്ചുവരുന്നുണ്ടു്.

POLICE STATION AT OLLUR—OPENING OF

14. (177) മിസ്റ്റർ പി. എസ്സ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ.—

(എ) ഒല്ലൂരിൽ ഒരു പോലിസു് സ്റ്റേഷൻ ആരംഭിച്ചു കിട്ടുവാൻ പൊതുജനങ്ങളിൽനിന്നു നിവേദനം ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) സ്റ്റേഷൻ തുടങ്ങുന്നതിനു ഗവൺമെണ്ടു തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നാണു് തുടങ്ങുവാൻ ഉദ്ദേശിക്കുന്നതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഉവ്വു്.

(ബി) ഈ സംഗതി ആലോചനയിൽ ഇരിക്കയാണു്.

(സി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ പി. എസ്സ്. മാധവൻ വൈദ്യർ: അടുത്തുതന്നെ ഒരു തീരുമാനമുണ്ടാകുമെന്നു വിശ്വസിക്കാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അടുത്തു് ഒരു തീരുമാനമുണ്ടാകുമെന്നു പറയാം.

"EXPRESS" REPORT ON MINIMUM WAGES, BONUS AND APPELLATE TRIBUNAL—PARTICULARS REGARDING

15. (17) **Mr. C. V. Iyyu** *(Kunnamkulam)*: Will Government be pleased to state.—

(*a*) Whether they have noted paragraph 6 of the news report in column 1 on page 3 of the 'Express' (Trichur) dated 3rd Kanni 1124 dealing on minimum wages and bonus for workmen and also about the abolition of Appellate Tribunal;

(*b*) whether they have accepted the suggestions mentioned therein;

(*c*) if not, why?

LIBRARY ARCHIVES Kerala Legislative Assembly